# KERALA POLICE INFORMATION CENTRE

No.24/PR/PIC/PHQ/09 22-12-09

## ശബരിമല തീർത്ഥാടകരുടെ ശ്രദ്ധയ്ക്ക്

ശബരിമല തീർത്ഥാടനത്തിനായി പോകുന്ന അയ്യപ്പഭക്തന്മാർക്ക് പലപ്പോഴും ദർശനത്തിനായി മണിക്കൂറുകളോളം ക്യൂവിൽ നിൽക്കേണ്ടിവരികയും സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ ഉൾപ്പെടെയുള്ളവർ ക്ഷീണിതരായി തളർന്നുവീഴുകയും ചെയ്യുന്ന സംഭവങ്ങൾ ധാരാളമായി കണ്ടുവരുന്നു. ശബരിമല ദർശനം സുഗമവും ക്ലേശരഹിതവും ആക്കുന്നതിന് അയ്യപ്പഭക്തർ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നത് ഉചിതമായിരിക്കും.

- ശബരിമല സന്നിധാനത്തേക്ക് യാത്ര തിരിക്കുന്നതിന് മുമ്പ് ഭക്തജനത്തിരക്ക് മുൻകൂട്ടി മനസ്സിലാക്കിയിരിക്കണം.
- നിലയ്ക്കൽ, എരുമേലി, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പോലീസ് കൺട്രോൾ റൂമുകളിൽ നിന്ന് തിരക്ക് സംബന്ധിച്ച വിവരങ്ങൾ മനസ്സിലാക്കാവുന്നതാണ്.
- തിരക്ക് കൂടുതലാണെങ്കിൽ ഇടത്താവളങ്ങളിൽ തങ്ങിയതിന് ശേഷം തിരക്ക് കുറയുന്ന മുറയ്ക്ക് പമ്പയ്ക്ക് തിരിയ്ക്കുക.
- മരക്കൂട്ടത്തുനിന്നും സന്നിധാനത്തേയ്ക്ക് വൺവേ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ ശരംകുത്തി വഴി മാത്രമേ സന്നിധാനത്തേക്ക് പോകാൻ പാടുള്ളു.
- വികലാംഗർ, രോഗികൾ, പ്രായാധിക്യം ഉള്ളവർ എന്നിവരെ മരക്കൂട്ടത്തു നിന്നും ചന്ദ്രാനന്ദൻ റോഡുവഴി പോകാൻ അനുവദിച്ചാൽ അവർ നടപ്പന്തലിലെ വടക്കുവശത്തെ ബാരിക്കേഡ് വഴി ക്യൂവിൽ പ്രവേശിക്കേണ്ടതാണ്.
- സന്നിധാനത്തിലെത്താൻ മറ്റു വഴികൾ തിരഞ്ഞെടുത്താൽ പതിനെട്ടാം പടിയിലേയ്ക്ക് കയറുവാനുള്ള ക്യൂവിൽ എത്തിച്ചേരാൻ കഴിയാതെ വരുകയും തിരക്കിൽപ്പെട്ട് അപകടങ്ങൾ ഉണ്ടാകാനും സാദ്ധ്യതയുണ്ട്.
- പതിനെട്ടാം പടി കയറുന്നതിന് മുമ്പ് അയ്യപ്പ ഭക്തർ പോലീസ് സുരക്ഷാപരിശോധനയ്ക്ക് വിധേയരാകേണ്ടതാണ്.
- പടി കയറുന്നതിന് മുമ്പായി പടി തൊട്ട് വന്ദിക്കാൻ ശ്രമിക്കാതിരിക്കുക. ഇത് അപകടമുണ്ടാക്കാൻ ഇടയാക്കും.
- പതിനെട്ടാം പടി കയറിയ ശേഷം ഫ്ളൈ ഓവർ വഴി ബാരിക്കേഡുകളിൽ കൂടി തിരുനടയിൽ എത്തി ദർശനം നടത്തേണ്ടതാണ്.

The contents of this document may be deemed to be based on received information which is subject to further verification

- ദർശനം കഴിഞ്ഞാൽ  തിരുമുറ്റത്ത് നിൽക്കാതെ ക്ഷേത്രത്തിന് പുറകുവശത്തുള്ള ഫ്ളൈ ഓവർ വഴി മാളികപുറത്തേക്ക് പോകേണ്ടതാണ്.
- മാളികപുറം ദർശനം കഴിഞ്ഞാൽ നെയ്യഭിഷേകം ചെയ്യേണ്ടവർ അഭിഷേക ടിക്കറ്റ് കരസ്ഥമാക്കി നെയ്യഭിഷേക ക്യൂവിൽ നിന്ന് അഭിഷേകം നടത്തണം.
- സന്നിധാനത്തിന്റെ സ്ഥലപരിമിതി കണക്കിലെടുത്ത് തിരക്ക് വർദ്ധിക്കാതിരിക്കാൻ ഭക്തജനങ്ങൾ ദർശനം കഴിഞ്ഞാലുടൻ പമ്പ ഫ്ളൈഓവർ വഴി മടങ്ങിപോകേണ്ടതാണ്.
- രോഗികളായ ഭക്തരുടെ അടിയന്തിര ആരോഗ്യ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി പമ്പ സന്നിധാനം എന്നിവിടങ്ങളിൽ ഗവൺമെന്റ് ചികിത്സാ കേന്ദ്രങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- കുട്ടികളായ അയ്യപ്പ ഭക്തന്മാർക്ക് തിരിച്ചറിയൽ കാർഡ് ഉണ്ടായിരിക്കുന്നത് ഉചിതമായിരിക്കും.
- ആരോഗ്യപ്രശ്നങ്ങൾ ഉള്ള ഭക്തന്മാർ അത്യാവശ്യ ഉപയോഗത്തിനായുള്ള മരുന്നുകൾ, വെള്ളം എന്നിവ കരുതുന്നത് നന്നായിരിക്കും.
- മൊബൈൽ ഫോൺ, പണം, വിലപിടിപ്പുള്ള മറ്റ് സാധനങ്ങൾ എന്നിവ കൈമോശം വരാനോ  മോഷണം പോകുവാനോ ഇടയുള്ളതിനാൽ അവ ശ്രദ്ധയോടെ സൂക്ഷിക്കേണ്ടതാണ്.
- എല്ലാ അയ്യപ്പഭക്തന്മാരും തങ്ങളുടെ പേര്, വിലാസം, ഫോൺ നമ്പർ, രക്തഗ്രൂപ്പ് തുടങ്ങിയ വിവരങ്ങൾ പേഴ്സിൽ സൂക്ഷിക്കുന്നത് അടിയന്തിരഘട്ടങ്ങളിൽ ഉപയോഗപ്രദമായിരിക്കും.

**അടിയന്തിര സഹായത്തിനും തിരക്ക് സംബന്ധമായും മറ്റും ഭക്തർക്ക് താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്**

| | | | |
|---|---|---|---|
| പോലീസ് കൺട്രോൾ റൂം, പമ്പ | - | 04735 | 203386 |
| പോലീസ് കൺട്രോൾ റൂം, നിലയ്ക്കൽ | - | 04735 | 205207 |
| പോലീസ് കൺട്രോൾ റൂം, സന്നിധാനം | - | 04735 | 202016 |
| പോലീസ് കൺട്രോൾ റൂം, എരുമേലി | - | 04735 | 211300 |
| അയ്യപ്പസേവാസംഘം, പമ്പ | - | 04735 | 203407 |
| അയ്യപ്പസേവാസംഘം, സന്നിധാനം | - | 04735 | 202043 |
| അമൃതാ ആശുപത്രി, പമ്പ | - | 04735 | 203590, 203591 |
| ഗവ. ആയുർവേദ ആശുപത്രി, പമ്പ | - | 04735 | 203536 |
| ഗവ. ആശുപത്രി, പമ്പ | - | 04735 | 203318 |
| ഗവ. ആശുപത്രി, സന്നിധാനം | - | 04735 | 202101 |
| കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ, പമ്പ | - | 04735 | 203445 |
| പബ്ലിസിറ്റി, പമ്പ | - | 04735 | 203386 |
| പബ്ലിസിറ്റി, സന്നിധാനം | - | 04735 | 202016 |